# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/243/2016 | <u>പത്രക്കുറിപ്പ്</u> | 2016 നവംബർ 14

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്കുമെന്റേഷൻ (പുതിയ സ്കീം – 2014 അഡ്മിഷൻ റഗുലർ, 2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ഡിസംബർ 2 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ നംവബർ 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 21 വരെയും സ്വീകരിക്കും.

ഒന്നും രണ്ടും മൂന്നും വർഷ (മോഡൽ ഒന്ന്) ബി.എസ്.സി (ആനുവൽ സ്കീം – പാർട്ട് മൂന്ന് മെയിൻ – ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി യു.ജി.സി സ്പോൺസേർഡ് കോമൺ പേപ്പർ ഉൾപ്പെടെയുള്ള പരീക്ഷകൾ ഡിസംബർ 1 മുതൽ നടത്തും.

ഒന്നും രണ്ടും മൂന്നും വർഷ (മോഡൽ ഒന്ന്) ബി.എ (ആനുവൽ സ്കീം – പാർട്ട് മൂന്ന് മെയിൻ – ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ ഡിസംബർ 1 മുതൽ നടത്തും.

ഒന്നും രണ്ടും മൂന്നും വർഷ (മോഡൽ ഒന്ന്) ബി.കോം (ആനുവൽ സ്കീം – പാർട്ട് മൂന്ന് മെയിൻ – ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി യു.ജി.സി സ്പോൺസേർഡ് കോമൺ പേപ്പർ ഉൾപ്പെടെയുള്ള പരീക്ഷകൾ ഡിസംബർ 1 മുതൽ നടത്തും.

## പ്രാക്ടിക്കൽ പരീക്ഷ

മൂന്നാം സെമസ്റ്റർബി.എസ്.സി ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (സി.ബി.സി.എസ്.എസ് – റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ കോന്നി സി.എഫ്.റ്റി കോളജിൽ വച്ച് നവംബർ 15ന് നടത്തും.

മൂന്നാം സെമസ്റ്റർ ബി.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്റെറ്റിക്സ് (സി.ബി.സി.എസ്.എസ് – റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 24ന് പാലാ അൽഫോൺസാ കോളജിൽ വച്ച് നടത്തും.

## പരീക്ഷാ ഫലം

2016 ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ മൂന്നാം വർഷ ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി/ മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 28 വരെ സ്വീകരിക്കും.

## അദ്ധ്യാപകർ മൂല്യനിർണ്ണയ ക്യാമ്പിൽ ഹാജരാകണം

സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ മൂല്യനിർണ്ണയ ക്യാമ്പിലേക്ക് നിയമന ഉത്തരവ് ലഭിച്ച അദ്ധ്യാപകരും ജീവനക്കാരും ഉത്തരവിൽ പറഞ്ഞിട്ടുള്ള ക്യാമ്പുകളിൽ ഇന്ന് (നവംബർ 15) ഉം, മൂന്നാം സെമസ്റ്റർ ക്യാമ്പിലേക്ക് നിയമനം ലഭിച്ച അദ്ധ്യാപകർ നാളെ (നവംബർ 16) ഉം ഹാജരാകണം. എന്നാൽ അഡീഷണൽ ലാംഗ്വേജ് ക്യാമ്പിലേക്ക് നിയമനം ലഭിച്ചവർ നവംബർ 18 മുതൽ ഹാജരായാൽ മതിയാകും. അദ്ധ്യാപകർ ഹാജരാകുമെന്ന് പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തണം. ക്യാമ്പുകളിൽ അദ്ധ്യാപകരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി നവംബർ 16 മുതൽ 25 വരെ സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളജുകളിലെ ബിരുദ ക്ലാസുകൾക്ക് അവധിയായിരിക്കും. സർവ്വകലാശാല ഉത്തരവ് പാലിക്കാത്തവർക്കെതിരെ നിയമാനുസൃത ശിക്ഷണ നടപടികൾ സ്വീകരിക്കും.

**യു.ജി അഡ്മിഷൻ കൗൺസിലിംഗ്**

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന ബി.എസ്.സി എം.എൽ.റ്റി യിൽ മുസ്ലീം/ഒ.ബി.എക്സ് വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ബി.പി.റ്റിയ്ക്ക് മുസ്ലിം വിഭാഗത്തിലും മൈക്രോബയോളജിയ്ക്ക് ഈഴവ വിഭാഗത്തിലും സീറ്റൊഴിവുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം നവംബർ 17ന് രാവിലെ 11 മണിക്ക് ഗാന്ധിനഗറിലുള്ള എസ്.എം.ഇ ഡയറക്ടറുടെ ഓഫീസൽ എത്തിച്ചേരണം. ഫോൺ 0481–6061012, 6061014.

**വിദ്യാർത്ഥി പാർലമെന്റ്**

കേരള നിയമ സഭയുടെ പാർലമെന്ററി പഠനപരിശീലനകേന്ദ്രം വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധവും പാർലമെന്ററി നടപടികളിലുള്ള അറിവും വളർത്തുന്നതിനായി ഡിസംബർ മാസത്തിൽ വിദ്യാർത്ഥി പാർലമെന്റ് സംഘടിപ്പിക്കുന്നു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി നവംബർ 21. വിശദവിവരങ്ങൾക്ക് www.niyamasabha.org/www.mgu.ac.in

**അസിസ്റ്റന്റ് പ്രൊഫസർ (ഗസ്റ്റ്): ഒഴിവ്**

പത്തനംതിട്ട ചുട്ടിപ്പാറയിൽ പ്രവർത്തിക്കുന്ന മഹാത്മാ ഗാന്ധി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആന്റ് കൊമേഴ്സിലേക്ക് അസിസ്റ്റന്റ് പ്രൊഫസർ (ഗസ്റ്റ് ബേസിസ്) നിയമനത്തിനായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. യോഗ്യരായവർ അസ്സൽ സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളുമായി നവംബർ 17ന് രാവിലെ 9 മണിക്ക് കോളജ് ഓഫീസിൽ ഹാജരാകണം. Phone: 9496152627. Website: www.mguiacpta.com. E.mail: mguiacpta@gmail.com

**അക്കാദമിക് കൗൺസിൽ യോഗം**

എം.ജി സർവ്വകലാശാലയുടെ മാറ്റി വെച്ച അക്കാദമിക് കൗൺസിൽ യോഗം നവംബർ 24ന് (വ്യാഴാഴ്ച) രാവിലെ 10 മണിക്ക് സർവ്വകലാശാല സെനറ്റ് ഹാളിൽ നടത്തും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**